# ചേക്ക

• മുനീർ .പി.പി


സന്ധ്യ മങ്ങുമ്പോഴത്തെ മനോഹര കാഴ്ചയാണ് പറവകളുടെ ചേക്ക അഥവാ കൂടണയൽ. നീലാകാശത്തിന് കീഴെ പറന്നുല്ലസിച്ചവ സൂര്യാസ്തമയത്തോടെ പെട്ടെന്ന് ഒറ്റയായോ കൂട്ടമായോ മരത്തലപ്പുകളിലേക്ക്, മരപ്പൊത്തുകളിലേക്ക്, മണ്ണിലെ മാളങ്ങളിലേക്ക്, മറ്റിടങ്ങളിലേക്ക് ഒക്കെയായി പറന്നിറങ്ങി ചേക്കേറും. അസ്തമിച്ച് അൽപനേരത്തിനകം അവ പൂർണ നിശ്ശബ്ദതയിലാണ്ടു വീഴും. പിന്നെ കേൾക്കാനാവുക കുയിലിന്റെ ഒറ്റപ്പെട്ട പാട്ട്, മറുപാട്ട്, ഒരു മരക്കൊമ്പിൽനിന്ന് ദൂരേ മരക്കൊമ്പിലേക്കുള്ള അതിന്റെ പറക്കൽ, മൂങ്ങയുടെ ചീറ്, പുൽച്ചാടിയുടെ ചിലപ്പ്, ചീവീടുകളുടെ കച്ചേരി, പിന്നെ ചിലേടങ്ങളിൽ വിഷുപ്പക്ഷി നിലാവിൽ മതിമറന്ന് പാടുന്നതുമൊക്കെ.

ചെറുപക്ഷികൾ കുറ്റിച്ചെടികളുടെയും കൊച്ചുമരങ്ങളുടെയും തിങ്ങിയ പച്ചപ്പിലേക്ക് ചേക്കേറും; ശേഷം വൻപക്ഷികൾ മാമരങ്ങളിലും. ചെറുപക്ഷികൾ ആദ്യം ചേക്കേറുന്നതിന് കാരണം ആദ്യം ഇരുൾ വീഴുന്നത് നിലം ചേർന്നായതിനാലാണ്. നിലം ചേർന്ന ചെറുചെടികളിലാണല്ലോ അവയുടെ ജീവിതം. അതുവരെ കുറ്റിച്ചെടികളിലും കൊച്ചുമരങ്ങളിലും പറന്നുകളിച്ചവ കൊച്ചുമരങ്ങളുടെ ചില്ലകളിൽ ചേക്കേറും. ഇലകൾക്കിടയിൽ മറഞ്ഞ് ശിഖരങ്ങളിലവ ഒട്ടിച്ചേർന്ന് നിൽക്കും. തീർത്തും നിശ്ശബ്ദമായി. ഇത്രനേര



▸▸ ലോകത്തിലെ ഏറ്റവും വലിയ അണക്കെട്ട്– ത്രിഗോർജസ്(യാങ്സി നദി– ചൈന)





വും ചലപില ബഹളം വെച്ചത് ഇവ തന്നെയോ എന്ന് ആരും ശങ്കിച്ചുപോകും.

അങ്ങനെയൊരു ജീവി ചെടിയിലിരിപ്പുണ്ടെന്ന് ആർക്കും കണ്ടുപിടിക്കാനാവാത്തവിധം മറഞ്ഞിരുന്ന് ഉറങ്ങും. പഞ്ഞിത്തുണ്ടുപോലുള്ള കുഞ്ഞു ശരീരത്തെ ജീവനോടെ അകത്താക്കാൻ പരതി നടക്കുന്നവരെ ഭയന്ന് ഉറക്കിലും അവയുടെ ഒരു കണ്ണും പാതി തലച്ചോറും ഉണർന്നിരിക്കും.

വേലിത്തത്ത പോലുള്ളവ മണ്ണിലെ/ മണൽത്തിട്ടയിലെ മാളങ്ങളിലേക്ക് പറന്ന് കയറും. പരുന്തും വൻപക്ഷികളും റാകിപ്പറന്നിറങ്ങി തെങ്ങുകളിലും വൻമരങ്ങളിലുമായി ചേക്കേറും. കാക്കകളും കൊറ്റികളുമൊക്കെ കൂട്ടമായി പറന്നുവന്ന് പൂമരം, പേരാൽ പോലെ പടർന്ന് പന്തലിച്ചു നിൽക്കുന്ന മരങ്ങളിൽ പെട്ടെന്നമരും. തീറ്റക്കായി കടലോരങ്ങളും ചതുപ്പുകളും തേടിപ്പോയവ കൂട്ടമായി വന്ന് കൂടണയുന്നത് കൺകുളിർക്കുന്ന കാഴ്ചയാണ്. കാട്ടിലെ ചെറുതും വലുതുമായ പക്ഷികൾ മാമരങ്ങളിലെ പൊത്തുകളിലും ശിഖരങ്ങളിലും ചേക്കേറും.

ഉറങ്ങുമ്പോൾ മരക്കൊമ്പുകളിൽ നിന്നും വീണുപോവാതിരിക്കാനുള്ള തന്ത്രങ്ങൾ പറവകൾക്കുണ്ട്. അവയുടെ ഇരുകാൽ വിരലുകളും ചേർത്ത് ശിഖരങ്ങളിൽ ചുറ്റിപ്പിടിക്കും. ശത്രു കണ്ണിൽപ്പെട്ടാൽ ഇരുട്ടിലും ഉടൻ പറന്നു മാറും ഈ ചുറ്റിപിടുത്തം പറവകൾക്ക് തടസ്സമല്ല.

മരങ്ങൾ നിരന്നു നിൽക്കുന്നേടങ്ങളിൽ വിവിധ പക്ഷികളുടെ ചേക്ക ധാരാളമായി കാണാം. ചേക്കേറും വേളകളിലെ കിളിപ്പേച്ചുകൾ ബഹുരസമാണ്. നീണ്ട രാത്രികളിലവ നീണ്ടനേരം ഉറങ്ങും. വൻമരങ്ങളിലെ വൻചേക്ക, ചെറുമരങ്ങളിലെ ചെറുചേക്ക, കടലോര മരങ്ങളിലെ തീരച്ചേക്ക, കാട്ടിനകത്തെ കാട്ടുചേക്ക, കടലിനും കാടിനുമിടയിലെ നാട്ടു ചേക്ക, മഞ്ഞുനാടുകളിലേത്, മരുനാടുകളിലേത്, ദ്വീപുകളിലേത്, ഓരോന്നും വേറിട്ട സ്വരവർണ മേളങ്ങളാണ്.

പക്ഷികൾ കൂടണയുന്നത് സന്ധ്യക്ക് മാത്രമല്ല, വെയിൽ തിളച്ചു നിൽക്കുമ്പോളവ വൃക്ഷച്ചോലയിലണയും. വെയിൽ കുറഞ്ഞ രാവിലെയും വൈകിട്ടുമാണ് പക്ഷികളുടെ പ്രധാന സഞ്ചാരം. അവ സജീവമാവുന്നതും ഈ സമയം തന്നെ. പക്ഷേ ഈ മധ്യാഹ്ന വിശ്രമത്തിൽ ആരവമൊന്നുമുണ്ടാവില്ല. മഴയത്തും മഞ്ഞത്തും വെയിലത്തുമൊക്കെ വെവ്വേറെ രീതികളിലവ വിശ്രമിക്കും.

ചേക്കയിടങ്ങളിൽ മുട്ടവിരിയിക്കുന്നതിനായി പക്ഷികൾ കൂടു തീർക്കും. ചെറു പക്ഷികൾ നേർത്ത നാരുകൾകൊണ്ടും വൻപക്ഷികൾ ചുള്ളിക്കമ്പുകൾ കൊണ്ടും എളുപ്പം പറന്നിറങ്ങാവുന്ന ശിഖരാഗ്രങ്ങളിലും കവരങ്ങളിലുമാണ് കൂട് തീർക്കുക. ഇല തിങ്ങിനിറഞ്ഞ കാലത്താണ് കൂട് പണിയുക. എങ്കിലും ഇല പൊഴിച്ച് നിൽക്കുമ്പോളവ മരങ്ങളിൽ തെളിഞ്ഞു കാണാം.

പറക്കലിനിടയിൽ ഉറങ്ങുന്ന പക്ഷികളുണ്ട്. ആൽപൈൻ സ്വിഫ്റ്റും ആൽബട്രോസും ഇങ്ങനെ വായുവിൽ ഉറങ്ങുന്നവയാണ്. പക്ഷികൾ അവയുടെ കൂടുകളിൽ ഉറങ്ങാറില്ല. കൂട്ടിൽ ഭക്ഷ്യാവശിഷ്ടങ്ങളും ഉറുമ്പും മുട്ടകളുമൊക്കെയുള്ളതിനാലാണിത്. ജലപ്പക്ഷികൾ നീരൊഴുക്കിലുറങ്ങും. ചില പക്ഷിക്കൂട്ടങ്ങളുണ്ട്, കൂട്ടത്തിലെ പാതിയെണ്ണം ഉറങ്ങും, ബാക്കിയുള്ളവ അവർക്ക് കാവലിരിക്കും. സുരക്ഷിതത്വം നോക്കിയാണ് ചേക്കയും കൂടും എവിടെ വേണമെന്ന് പക്ഷികൾ തീരുമാനിക്കുന്നത്. സുരക്ഷിത ചേക്കയ്ക്ക് അവയെ നമുക്ക് സഹായിക്കാനാവും. കൂടു നൽകിയും, പക്ഷിയുടെ ശത്രുക്കളെ അകറ്റിയും, പ്രകൃതി സംരക്ഷിച്ചും. രാത്രി മാറി പുലരി വരും; നാനാ മരങ്ങളിലും മാളങ്ങളിലും നിന്ന് പറവകൾ ചേക്കയുണർന്ന് പുഴയും പാടവും കടലും തേടി തലങ്ങും വിലങ്ങും പറക്കുന്നത് മനം നിറക്കുന്ന കാഴ്ചയാണ്.

•

▸▸ ലോകത്തിലെ ഏറ്റവും നീളം കൂടിയ അണക്കെട്ട്- ഹിരാക്കുഡ്(മഹാനദി- ഇന്ത്യ)